2023
DECEMBER
13
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995



## പാക്കിസ്ഥാൻ സൈനിക താവളത്തിൽ ചാവേർ ആക്രമണം; 23 പേർ കൊല്ലപ്പെട്ടു

**പെഷവാർ:** പാക്കിസ്ഥാനിലെ സൈനിക താവളത്തിലുണ്ടായ ചാവേർ ആക്രമണത്തിൽ 23 പേർ കൊല്ലപ്പെട്ടു. പാക്കിസ്ഥാനി താലിബാനാണ് ആക്രമണത്തിന് പിന്നിലെന്നാണ് വിവരം. അഫ്ഗാനിസ്ഥാൻ അതിർത്തിയിലെ ഖൈബർ പക്തുൻഖ പ്രവിശ്യയിലെ ദേര ഇസ്മയിൽ ഖാൻ ജില്ലയിലാണ് ആക്രമണം ഉണ്ടായത്. പുലർച്ചെ എല്ലാവരും ഉറക്കത്തിലായിരുന്നപ്പോളാണ് ആക്രണം.

കൊല്ലപ്പെട്ടവർ സൈനികർ മാത്രമാണോ എന്ന് പരിശോധിച്ചുവരികയാണെന്ന് ഉന്നത ഉദ്യോഗസ്ഥർ അറിയിച്ചു. 27 പേർക്ക് പരുക്കേറ്റു. സ്ഫോടക വസ്തുക്കൾ നിറച്ച വാഹനം കെട്ടിടത്തിലേക്കെത്തി പൊട്ടിത്തെറിക്കുകയായിരുന്നു. മൂന്നു മുറികളിലായി ഉറങ്ങിക്കിടന്നവരാണ് മരിച്ചത്. അഫ്ഗാനിസ്ഥാനിൽ താലിബാൻ അധികാരത്തിൽ വന്നതിനുശേഷം പാക്കിസ്ഥാന്റെ അതിർത്തി പ്രദേശങ്ങളിൽ ആക്രമണം വൻ തോതിൽ വർധിച്ചിരിക്കുകയാണ്.

# 70,000 സിഗ് സോയർ അസോൾട്ട് റൈഫിൾ വാങ്ങാൻ അനുമതി നൽകി പ്രതിരോധ മന്ത്രാലയം

**ന്യൂഡൽഹി:** ചൈനയുടെയും പാക്കിസ്ഥാൻറെയും അതിർത്തിയിൽ നിൽക്കുന്ന സൈനികരുടെ കരുത്ത് വർധിപ്പിക്കാൻ അമേരിക്കയിൽ നിന്ന് 70,000 സിഗ് സോസർ അസോൾട്ട് റൈഫിൾ കൂടി വാങ്ങാൻ അനുമതി നൽകി പ്രതിരോധ മന്ത്രാലയം. ഡിഫൻസ് അക്യുസിഷൻ കൗൺസിലിൻറെ യോഗത്തിലാണ് ഇതു സംബന്ധിച്ച തീരുമാനമായതെന്ന് ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു. ജമ്മു കാഷ്മീരിലും മറ്റുമുള്ള ഭീകരവാദത്തിനെതിരേയുള്ള പോരാട്ടത്തിനും മറ്റ് സൈനിക നീക്കങ്ങൾക്കും കൂടുതൽ കരുത്തു പകരുന്ന നടപടിയായാണ് സിഗ് സോയർ റൈഫിൾസ് വാങ്ങുന്നതിനെ വിലയിരുത്തുന്നത്.



രണ്ടു വർഷം മുമ്പാണ് ആദ്യമായി സൈന്യം അമേരിക്കയിൽ നിന്ന് സിഗ് സോയർ അസോൾട്ട് റൈഫിളുകൾ വാങ്ങുന്നത്. അന്നു മുതൽ എല്ലാ സൈനിക നീക്കങ്ങളിലും സൈനികർ ഇത് വളരെ മികച്ച രീതിയിൽ ഉപയോഗിച്ചു വരികയാണ്.

താരതമ്യേന വലിപ്പം കുറഞ്ഞ തിരയുള്ള ഇൻസാസിനു പകരം വലിപ്പമുള്ള തിരയുള്ള റൈഫിളിനെ തേടിയുള്ള അന്വേഷണം ഏതാനും വർഷങ്ങൾക്കു മുമ്പു തന്നെ സൈന്യം ആരംഭിച്ചിരുന്നു.ഒടുവിൽ ആ തിരച്ചിൽ സിഗ് സോയർ റൈഫിളിൽ അവസാനിക്കുകയായിരുന്നു. 5.56ഃ45 മില്ലിമീറ്റർ വലുപ്പമുള്ള തിരയുള്ള ഇൻസാസിനെ അപേക്ഷിച്ച് 7.62ഃ51 മില്ലിമീറ്റർ വലിപ്പമുള്ളതാണ് സിഗ് സോയർ റൈഫിളിൻറെ തിര. 72,000 റൈഫിളിനായി 700 കോടി രൂപ നൽകിയുള്ള കരാറിൽ മുമ്പേ തന്നെ ഇന്ത്യ ഒപ്പുവെച്ചിരുന്നു. അമേരിക്കൻ ആയുധ നിർമാതാക്കളായ സിഗ് സോയറാണ് ഈ റൈഫിൾ നിർമിക്കുന്നത്. ഇതുകൂടാതെ, ഇന്ത്യയും റഷ്യയും സംയുക്ത സംരംഭമായി നിർമിക്കുന്ന ഏഴു ലക്ഷം എകെ203 തോക്കുകൾ കൂടിയെത്തുന്നതോടെ ഇന്ത്യൻ സൈന്യത്തിൻറെ കരുത്ത് വലിയ തോതിൽ വർധിക്കുമെന്നാണ് കരുതപ്പെടുന്നത്.

# നാണയപ്പെരുപ്പം കുത്തനെ മേലോട്ട്

**കൊച്ചി:** ഭക്ഷ്യ ഉത്പന്നങ്ങളുടെ കനത്ത വിലക്കയറ്റത്തെ തുടർന്ന് നവംബറിൽ ഉപഭോക്തൃ വില സൂചിക അധിഷ്ഠിതമായ നാണയപ്പെരുപ്പം 5.5 ശതമാനമായി കുത്തനെ ഉയർന്നു. ഒക്റ്റോബറിൽ നാണയപ്പെരുപ്പം 4.8 ശതമാനമായിരുന്നു. നടപ്പു സാമ്പത്തിക വർഷം നാണയപ്പെരുപ്പം രണ്ട് മുതൽ ആറ് ശതമാനം വരെ നിലനിർത്താനാകുമെന്നാണ് കഴിഞ്ഞ ധന അവലോകന നയത്തിൽ റിസർവ് ബാങ്ക് വിലയിരുത്തിയിരുന്നത്. മുൻമാസത്തേക്കാൾ നാണയപ്പെരുപ്പത്തിൽ 0.54 ശതമാനം വർധനയുണ്ട്.

ഭക്ഷ്യ ഉത്പന്നങ്ങളിലെ നാണയപ്പെരുപ്പം നവംബറിൽ 8.74 ശതമാനമായി ഉയർന്നു. ഗ്രാമീണ മേഖലയിലെ വിലക്കയറ്റത്തോത് കഴിഞ്ഞ മാസം 5.85 ശതമാനമായി ഉയർന്നു. പച്ചക്കറികളുടെ വിലയിൽ അവലോകന കാലയളവിൽ 17.7 ശതമാനം വർധനയുണ്ടായി.

അതേസമയം രാജ്യാന്തര വിപണിയിൽ ക്രൂഡ് വില കുറയുന്നതിനാൽ ഇന്ധന വില സൂചിക 0.77 ശതമാനം താഴ്ന്നു. റിസർവ് ബാങ്കിൻറെയും കേന്ദ്ര സർക്കാരിൻറെയും ശക്തമായ വിപണി ഇടപെടലുകൾ വലിയ തോതിൽ ഫലം ചെയ്യുന്നുവെന്നാണ് കാതലായ നാണയപ്പെരുപ്പ സൂചിക വ്യക്തമാക്കുന്നത്.



നാണയപ്പെരുപ്പം നിയന്ത്രിക്കുന്നതിൻറെ ഭാഗമായി കഴിഞ്ഞ വർഷം മേയ് മാസത്തിനു ശേഷം റിസർവ് ബാങ്ക് മുഖ്യ പലിശ നിരക്കായ റിപ്പോ ആറ് തവണയായി 2.5% വർധിപ്പിച്ചിരുന്നു. എന്നാൽ നാണയപ്പെരുപ്പം സ്ഥിരതയിലായതോടെ ഈ വർഷം ഫെബ്രുവരിക്ക് ശേഷം റിസർവ് ബാങ്ക് റിപ്പോ നിരക്ക് 6.5 ശതമാനമായി നിലനിർത്തുകയാണ്. വ്യാവസായിക, കൺസ്യൂമർ ഉത്പന്നങ്ങളുടെ വിലക്കയറ്റ ഭീഷണി ഗണ്യമായി കുറഞ്ഞെങ്കിലും കാലാവസ്ഥാ വ്യതിയാനവും സപ്ലൈ പ്രശ്നങ്ങളും കാരണം ഭക്ഷ്യ ഉത്പന്നങ്ങളുടെ വില വീണ്ടും കുതിച്ചുയരുന്നതാണ് റിസർവ് ബാങ്കിനും കേന്ദ്ര സർക്കാരിനും തലവേദന സൃഷ്ടിക്കുന്നത്.

അരി, ഗോതമ്പ്, പഞ്ചസാര, ഉള്ളി, പച്ചക്കറികൾ എന്നിവയുടെ വില കഴിഞ്ഞ രണ്ട് മാസമായി അപകടകരമായി മുകളിലേക്ക് നീങ്ങുകയാണ്. വിലക്കയറ്റം നിയന്ത്രിക്കാനുള്ള നടപടികളുടെ ഭാഗമായി ഈ ഉത്പന്നങ്ങളുടെ കയറ്റുമതിക്ക് കേന്ദ്ര ഉപഭോക്തൃകാര്യ മന്ത്രാലയം ശക്തമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. ഇതോടൊപ്പം പഞ്ചസാര വില പിടിച്ചുനിർത്താൻ കരിമ്പ് ജ്യൂസ്, സിറപ്പ് എന്നിവയിൽ നിന്നും എത്തനോൾ ഉത്പാദിപ്പിക്കുന്നതിനും നിരോധനം ഏർപ്പെടുത്തി.





ശബരിമലയിൽ അയ്യപ്പഭക്തർ നേരിടുന്ന ദുരവസ്ഥയിൽ പ്രതിഷേധിച്ച് വിശ്വഹിന്ദു പരിഷത്തിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം സെക്രട്ടറിയേറ്റിനു മുന്നിൽ നടത്തിയ പ്രതിഷേധ ധർണ്ണ വി.എച്ച്.പി സംസ്ഥാന അധ്യക്ഷൻ വിജി തമ്പി ഉദ്ഘാടനം ചെയ്യുന്നു.

# ശബരിമലയിലെ തിക്കും തിരക്കും കൃത്രിമമായി സൃഷ്ടിക്കുന്നത്: വി.എച്ച്.പി

**തിരുവനന്തപുരം/ കൊച്ചി :** ലക്ഷകണക്കിന് ഭക്തർ വർഷങ്ങളായി ദർശനം നടത്തുന്ന ശബരിമലയിൽ ഇത്തവണ ഉണ്ടായിട്ടുള്ള തിക്കും തിരക്കും കൃത്രിമമായി സൃഷ്ടിച്ചിട്ടുള്ളതാണെന്ന് വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന പ്രസിഡന്റ് വിജി തമ്പി. ശബരിമലയിൽ അടിസ്ഥാന സൗകര്യങ്ങൾ പോലും ലഭ്യമാകാതെ അയ്യപ്പഭക്തർ നേരിടുന്ന ദുരവസ്ഥയിൽ പ്രതിഷേധിച്ച് വിശ്വഹിന്ദു പരിഷത്തിന്റെ നേതൃത്വത്തിൽ ഭക്തജനങ്ങൾ തിരുവനന്തപുരം സെക്രട്ടറിയേറ്റിനു മുന്നിൽ നടത്തിയ ധർണ്ണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കച്ചവട താൽപര്യം മാത്രമാണ് സംസ്ഥാന സർക്കാരിന് ശബരിമലയിൽ ഉള്ളത്. ലക്ഷക്കണക്കിന് ഭക്തർ എത്തുന്ന തിരുപ്പതിയിലും പഴനിയിലും സുഗമമായി ദർശന സൗകര്യമുള്ളപ്പോൾ ശബരിമലയിൽ അയ്യപ്പഭക്തർ തീരാ ദുരിതത്തിലാണ്. അധികൃതരുടെ തികഞ്ഞ അനാസ്ഥയാണ് ഇതിനു കാരണമെന്നും വിജി തമ്പി പറഞ്ഞു. ഭക്തർക്ക് പ്രസാദമായി നൽകുന്ന അരവണയും അപ്പവും പോലും നിലവാരമില്ലാത്തതാണ്. ഭക്തരുടെ പണം മാത്രമാണ് ദേവസ്വം ബോർഡിന്റെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.പതിനെട്ട് മണിക്കൂർ വരെ ക്യൂ നിന്ന് ദർശനം നടത്തുന്ന ഭക്തർക്ക് ലഘു ഭക്ഷണമോ കുടിവെള്ളമോ പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യങ്ങളോ ഇല്ലെന്ന് മുഖ്യപ്രഭാഷണം നടത്തിയ സംസ്ഥാന ജനറൽ സെക്രട്ടറി വി ആർ രാജശേഖരൻ പറഞ്ഞു.

സന്നിധാനത്ത് നട അടച്ചു കഴിഞ്ഞാൽ ഭക്തർക്ക് ശയനപ്രദക്ഷിണത്തിന് സൗകര്യം ചെയ്ത് കൊടുക്കാറുള്ളതാണ്. എന്നാൽ ഇത്തവണ ബാരിക്കേഡ് വച്ച് പോലീസ് ഇത് തടയുകയാണെന്നും അദ്ദേഹം പറഞ്ഞു.അയ്യപ്പ ഭക്തരെ ഇനിയും ദുരിതത്തിലാക്കാനാണ് സർക്കാർ തീരുമാനമെങ്കിൽ എല്ലാ ഹിന്ദു സംഘടനകളെയും അയ്യപ്പ ഭക്തരെയും ഒരുമിപ്പിച്ച് വൻപ്രക്ഷോഭത്തിന് വിശ്വ ഹിന്ദു പരിഷത്ത് നേതൃത്വം കൊടുക്കുമെന്നും അദ്ദേഹം പറഞ്ഞു.ആർ എസ്സ് എസ്സ് വിഭാഗ് സംയോജകൻ കെ രാജശേഖരൻ, വി എച്ച് പി സംസ്ഥാന ഗവേർണിംഗ് കൗൺസിൽ അംഗം സനൽ കുമാർ , വി എച്ച് പി സംസ്ഥാന സമിതി അംഗം മംഗലത്തുകോണം സുധി, വി എച്ച് പി ജില്ലാ അധ്യക്ഷൻ ബാബുക്കുട്ടൻ, ജില്ലാ സെക്രട്ടറി അജിത് കുമാർ, ഹിന്ദു ധർമ്മ പരിഷത് അധ്യക്ഷൻ ഗോപാൽജി, ക്ഷേത്ര സംരക്ഷണ സമിതി സംസ്ഥാന സമ്പർക്ക പ്രമുഖ് ഷാജു വേണുഗോപാൽ,വ്യാപാരി വ്യവസായി സംഘ് സംസ്ഥാന ഉപാധ്യക്ഷൻ ജി. എസ്. മണി, ഹിന്ദു ഐക്യ വേദി സംസ്ഥാന സമിതി അംഗം സന്ദീപ് തമ്പാനൂർ, വി എച്ച് പി ജില്ലാ മാതൃശക്തി സംയോജിക കോമള കുമാരി എന്നിവരും പ്രസംഗിച്ചു.

# ബഹിരാകാശ സാങ്കേതിക വിദ്യയിലൂടെ ഉരുൾപൊട്ടൽ മുൻകൂട്ടി കണ്ടെത്തൽ ; ശാസ്ത്രജ്ഞർക്ക് കുഫോസ് പരിശീലനം നൽകും

**കൊച്ചി :** ബഹിരാകാശ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഉരുൾപൊട്ടൽ സാദ്ധ്യത മുൻകൂട്ടി കണ്ടെത്താൻ ശാസ്ത്രജ്ഞർക്ക് പരിശീലനം നൽകാൻ ഇന്ത്യൻ ബഹിരാകാശ ഗവേഷണ കേന്ദ്രവും (ഐ.എസ്.ആർ.ഒ) കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയും (കുഫോസ്) സഹകരിക്കുന്നു.

ഇതിനായി ഐ.എസ്.ആർ.ഒ യുടെ കീഴിലുള്ള ഡെറാഡൂണിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിമോട്ട് സെൻസിങ്ങും കുഫോസും സംയുക്തമായി 10 ദിവസത്തെ പരിശീലന പരിപാടി കുഫോസിന്റെ പുതുവൈപ്പ് കാമ്പസിൽ സംഘടിപ്പിക്കും. 2024 മാർച്ചിൽ നടക്കുന്ന പരിശീലന പരിപാടിക്ക് കുഫോസിലെ ക്ലൈമറ്റ് വാരിയബിലിറ്റി ആന്റ് അക്വാറ്റിക് ഇക്കോ സിസ്റ്റംസ് ഡിപ്പാർട്ട്മെന്റ് മേധാവി ഡോ.ഗിരീഷ് ഗോപിനാഥ് നേതൃത്വം നൽകും. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത ശാസ്ത്രജ്ഞർ പരിശീലന പരിപാടിയിൽ പങ്കെടുക്കും. ബഹിരാകാശ സാങ്കേതിക വിദ്യയായ ജോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റത്തിൽ ആർട്ടിഫിഷൽ ഇന്റലിജൻസ്, മെഷീൻ ലേണിങ്ങ് തുടങ്ങിയ ആധുനിക സങ്കേതങ്ങൾ ഉൾക്കൊള്ളിച്ച് ഉരുൾപൊട്ടലും മലയിടിച്ചലും മുൻകൂട്ടി കണ്ടെത്താനുള്ള പരിശീലനമാണ് ശാസ്ത്രജ്ഞർക്ക് നൽകുക. ഇതിലൂടെ ഉരുൾപൊട്ടലും മലയിടിച്ചിലും മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങളുടെ വ്യാപ്തി പരാവാധി കുറയ്ക്കാൻ ദുരന്ത നിവാരണ രംഗത്ത് പ്രവർത്തിക്കുന്ന ശാസ്ത്രജ്ഞരെ പ്രാപ്തരാക്കുകയാണ് പരിശീലന പരിപാടിയുടെ ലക്ഷ്യമെന്ന് കുഫോസ് വൈസ് ചാൻസലർ ഡോ.ടി.പ്രദീപ് കുമാർ പറഞ്ഞു. കാലാവസ്ഥ വ്യതിയാനം മൂലം കനത്ത മഴയും തുടർന്ന് ഉരുൾപൊട്ടലും അടിക്കടി ഉണ്ടാകുന്ന കേരളത്തിന് ഏറെ പ്രയോജനപ്രദമാകും ഈ പരിശീലന പരിപാടിയെന്ന് ഡോ.ടി.പ്രദീപ് കുമാർ പറഞ്ഞു.



# കൊച്ചി മാരിയറ്റിൽ ട്രീ ലൈറ്റിംഗ്

**കൊച്ചി:** ക്രിസ്തുമസ് പുതുവത്സര ആഘോഷങ്ങൾക്ക് ആരംഭം കുറിച്ചുകൊണ്ട് കൊച്ചി മാരിയറ്റിൽ സംഘടിപ്പിച്ച ട്രീ ലൈറ്റിംഗ് ആഘോഷങ്ങളുടെ സ്വിച്ച് ഓൺ കർമ്മം വടുതല ഡോൺ ബോസ്കോ അനാഥാലയത്തിലെ കുട്ടികളും സിനിമാതാരം ശിവദയും ചേർന്ന് നിർവഹിച്ചു.

കാക്കനാട് ലക്സെ ബ്രൗൺ സലൂണിൽ നടത്തിയ മെയ്ക്ക് ഓവർ ആസ്വദിച്ച ശേഷം പുതുവസ്ത്രങ്ങൾ അണിഞ്ഞ് ഇൻറൽ ഓട്ടോമൊട്ടീവ്സ് ഒരുക്കിയ ആഡംബര കാറുകളിലെത്തിയ വടുതല ഡോൺ ബോസ്കോയിലെ 20 ൽപരം പെൺകുട്ടികളെ മാരിയറ്റ് ഉദ്യോഗസ്ഥരും വിശിഷ്ടാതിഥികളും ചേർന്ന് സ്വീകരിച്ചു. തുടർന്ന് ആഘോഷ രാവുകൾക്ക് തുടക്കം കുറിച്ചുകൊണ്ട് ട്രീ ലൈറ്റിങ്ങും വിവിധ ക്രിസ്തുമസ് ന്യൂ ഇയർ അനുബന്ധ പരിപാടികളും അവതരിപ്പിച്ചു.

മിനിസോ കാക്കനാട് നൽകിയ സമ്മാനങ്ങൾ സ്വീകരിച്ചും ക്രിസ്തുമസ് വിരുന്ന് ആസ്വദിച്ച ശേഷമാണ് കുട്ടികൾ മടങ്ങിയത്. മാരിയറ്റ് ഓപ്പറേഷൻസ് ഡയറക്ടർ അഭിലാഷ് മട്ടം, ജനറൽ മാനേജർ സുബാങ്കർ ബോസ്, എക്സിക്യൂട്ടീവ് സൗസ് ഷെഫ് ഗണേഷ് ഭിഷ്ട, പേസ്ട്രി ഷെഫ് ജയ്മോൻ വർഗീസ്, ഫുഡ് ആൻഡ് ബിവറേജസ് മാനേജർ ശ്യാംജിത്ത് വേണുഗോപാൽ, ലക്സെ ബ്രൗൺ ഡയറക്ടർ സരിത കപിൽ എന്നിവർ വിശിഷ്ടാതിഥികളായിരുന്നു.

# യു എൻ ജിസിഎൻഐ കേരള റീജ്യണൽ കോൺഫറൻസ് 18 ന്

**കൊച്ചി:** യു എൻ ഗ്ലോബൽ കോംപാക്റ്റ് കേരള മേഖലാ സമ്മേളനം ഡിസംബർ 18 ന് ക്രൗൺ പ്ലാസ ഹോട്ടലിൽ നടക്കും. ഫാക്ട് സിഎംഡി കിഷോർ റുങ്ത സമ്മേളനം ഉദ്ഘാടനം ചെയ്യും. ട്രാൻസ്ഫോമിങ് ടുമോറോ യു എൻ ജി സി : യുവർ ഗേറ്റ്വേ ടു സസ്റ്റെയ്നബിൾ എക്സലൻസ് എന്നതാണ് സമ്മേളന തീമെന്ന് കോൺഫറൻസ് ചെയർമാൻ അനിൽ ജോസഫ് പറഞ്ഞു.

യുഎൻ ജിസിഎൻഐ നേതൃത്വം കേരളത്തിലെ പൊതുസ്വകാര്യ മേഖലകളിലെ ബിസിനസ്സ് കമ്യൂണിറ്റിയുമായും അക്കാദമിക്, സിവിൽ സൊസൈറ്റി, പോളിസി മേക്കർമാർ തുടങ്ങിയ ബിസിനസ് ഇതര പങ്കാളികളുമായും ചേർന്നാണ് കേരള റീജിയണൽ കോൺഫറൻസ് സംഘടിപ്പിക്കുന്നത്.സമ്മേളനം ഫാക്ട് സിഎംഡി കിഷോർ റുങ്ത് ഉദ്ഘാടനം ചെയ്യും. യുഎൻ ജിസിഎൻഐ എക്സിക്യൂട്ടീവ് ഡയറക്ടർ രത്നേഷ് ആമുഖ പ്രഭാഷണം നടത്തും.

യുഎൻ മുൻ ചീഫ് സീനിയർ സോഷ്യോ ഇക്കണോമിക് അഡ്വൈസർ ഡോ.എബ്രഹാം ജോസഫ് വിശിഷ്ടാതിഥിയാകും. വെസ്റ്റ് ആഫ്രിക്ക ബോ സിറ്റി കൗൺസിൽ മേയർ കോമ്പു മുസ മുഖ്യപ്രഭാഷണം നടത്തും. സിയാൽ എംഡി എസ് . സുഹാസ്, കസ്റ്റംസ് ആൻഡ് ജിസ് ടി ചീഫ് കമ്മീഷണർ മനോജ് അറോറ, ഇൻകം ടാക്സ് ചീഫ് കമ്മീഷണർ പരംജിത് സിംഗ് എന്നിവർ സംസാരിക്കും.

ഒഎൻജിസി ത്രിപുര പവർ കമ്പനി എംഡി സനിൽ നമ്പൂതിരിപ്പാട് സ്വാഗതവും ഹ്യൂമാനിറ്റഡ് ഫൗണ്ടേഷൻ ഇന്ത്യൻ അഫയേഴ്സ് ഡയറക്ടർ അനിൽ ജോസഫ് നന്ദിയും പറയും. തുടർന്ന് നടക്കുന്ന പാനൽ ചർച്ചയിൽ ഫെഡറൽ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ശാലിനി വാര്യർ, ചിന്മയ മിഷൻ ചെയർമാൻ എ.ഗോപാലകൃഷ്ണൻ, വിഴിഞ്ഞം തുറമുഖം എം ഡിയും സി ഇ ഒയുമായ രാജേഷ് ജാ സ്റ്റീഗ് എനർജി സർവീസസ് ചെയർമാൻ ജേക്കബ് തോട്ടുങ്കൽ വർഗീസ്, സനിൽ നമ്പൂതിരിപ്പാട് എന്നിവർ പങ്കെടുക്കും.

സമാപന സമ്മേളനത്തിൽ ഡോ.ശ്രീകുമാർ മേനോൻ, രത്നേഷ്, കെ എം എ മുൻ പ്രസിഡന്റ് ഡോ.നിർമല ലില്ലി എന്നിവർ പങ്കെടുക്കും.2000 ജൂലൈ 26ന് ഐക്യരാഷ്ട്രസഭ ഔദ്യോഗികമായി ആരംഭിച്ചത് മുതൽ യു എൻ ജി സി എൻ ലോകമെമ്പാടുമുള്ള 69 പ്രാദേശിക നെറ്റ്വർക്കുകളിലായി 160 രാജ്യങ്ങളിലായി 18,000ത്തിലധികം പങ്കാളികളെ ഉൾപ്പെടുത്തി.

സുസ്ഥിരതയ്ക്കും ഉത്തരവാദിത്തമുള്ള ബിസിനസ്സ് രീതികൾക്കും പ്രതിജ്ഞാബദ്ധരായ കമ്പനികൾക്ക് ഇത് ഒരു നയവും പ്രായോഗിക ചട്ടക്കൂടുമാണ്.

അനിൽ ജോസഫ്, നിർമല ലില്ലി, ജിബി മാത്യു എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.



വടുതല മേൽപ്പാലത്തിനായി കുടിയൊഴിപ്പിക്കപ്പെടുന്ന വ്യാപാരികൾക്ക് അർഹമായ നഷ്ടപരിഹാരം നൽകാത്തതിൽ പ്രതിഷേധിച്ച് വ്യാപാരി വ്യവസായി ഏകോപന സമിതി എറണാകുളം നിയോജകമണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച വാഹന പ്രചരണ ജാഥയുടെ സമാപനവും പ്രതിഷേധ യോഗവും കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് പി.സി ജേക്കബ്ബ് ഉദ്ഘാടനം ചെയ്യുന്നു. എ.കെ വിനോദ്, കെ.എ തദേവൂസ്, എം.സി പോൾസൺ, പ്രദീപ് ജോസ്, ജിമ്മി ചക്യത്ത്, ഷാജഹാൻ അബ്ദുൾ ഖാദർ, എഡ്വേർഡ് ഫോസ്റ്റസ് സമീപം

# വടുതല മേൽപ്പാലം:വ്യാപാരികൾക്ക് അർഹമായ നഷ്ടപരിഹാരം കിട്ടണം: കെ.വി.വി.ഇ.എസ്

**കൊച്ചി:**വടുതല റെയിൽവേ മേൽപ്പാലത്തിനായി കുടിയൊഴിപ്പിക്കപ്പെടുന്ന വ്യാപാരികൾക്ക് അർഹമായ നഷ്ടപരിഹാരം കിട്ടാതെ ഒരു തുണ്ടു ഭൂമിപോലും വിട്ടു തരില്ലെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് പി.സി ജേക്കബ്ബ് പറഞ്ഞു.

വടുതല മേൽപ്പാലത്തിനായി കുടിയൊഴിപ്പിക്കപ്പെടുന്ന വ്യാപാരികൾക്ക് അർഹമായ നഷ്ടപരിഹാരം നൽകാത്തതിൽ പ്രതിഷേധിച്ച് വ്യാപാരി വ്യവസായി ഏകോപന സമിതി എറണാകുളം നിയോജകമണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച വാഹന പ്രചരണ ജാഥയുടെ സമാപനവും പ്രതിഷേധ യോഗവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.വികസനത്തെ വ്യാപാരികൾ സ്വാഗതം ചെയ്യുന്നു.

അതിന്റെ പേരിൽ കാലങ്ങളായി പ്രദേശത്ത് കച്ചവടം നടത്തുന്ന വ്യാപാരികളെ പട്ടിണിയിലാക്കാനാണ് ശ്രമമെങ്കിൽ അത് നടക്കില്ലെന്നും ശക്തമായ സമരവുമായി വ്യാപാരികൾ തെരുവിലിറങ്ങുമെന്നും പി.സി ജേക്കബ്ബ് പറഞ്ഞു.വടുതല ഗേറ്റിനു സമീപം നടന്ന പ്രതിഷേധ യോഗത്തിൽ ഏകോപന സമിതി എറണാകുളം നിയോജകമണ്ഡലം പ്രസിഡന്റ് എം.സി പോൾസൺ അധ്യക്ഷത വഹിച്ചു.

വാഹന പ്രചരണ ജാഥ നയിച്ച ഏകോപന സമിതി ജില്ലാ വൈസ് പ്രസിഡന്റ് ജിമ്മി ചക്യത്ത്,നിയോജകമണ്ഡലം ജനറൽ സെക്രട്ടറി എഡ്വേർഡ് ഫോസ്റ്റസ്, യൂത്ത് വിംഗ് സംസ്ഥാന സെക്രട്ടറി പ്രദീപ് ജോസ്,ഏകോപന സമിതി വടുതല യൂണിറ്റ് പ്രസിഡന്റ് എ.കെ വിനോദ്, സിറ്റി നോർത്ത് യൂണിറ്റ് പ്രസിഡന്റ് കെ.എ തദേവൂസ്,സമരസമിതി കൺവീനർ ഷാജഹാൻ അബ്ദുൾ ഖാദർ തുടങ്ങിയവർ സംസാരിച്ചു.

# മോട്ടോറോളയും പാന്റണും കൈകോർക്കുന്നു

**ന്യൂഡൽഹി:** ഇന്ത്യയിലെ ഏറ്റവും മികച്ച 5ജി സ്മാർട്ട്ഫോൺ ബ്രാൻഡായ മോട്ടോറോളയും ആഗോള കളർ അതോറിറ്റിയായ പാന്റണും രണ്ടാം വർഷവും പാന്റോൺ കളർ ഓഫ് ദ ഇയർ സൃഷ്ടിക്കാൻ കൈകോർക്കുന്നു. പാന്റോൺ കളർ ഓഫ് ദ ഇയർ 2024, പാന്റോൺ 131023 പീച്ച് ഫസ്, ഹ്യൂമൻ കണക്ഷന്റെ പ്രാധാന്യം ഊട്ടിയുറപ്പിക്കുന്നു, അതുപോലെ തന്നെ അതിനെ പ്രതിനിധീകരിക്കാൻ തിരഞ്ഞെടുത്ത ഉപകരണങ്ങളായ മോട്ടോറോള 40 അൾട്രാ, മോട്ടോറോള എഡ്ജ് 40 നിയോ എന്നിവയും.




അർത്ഥവത്തായ നവീകരണത്തിലൂടെ ആളുകളുടെ ജീവിതത്തെ സമ്പന്നമാക്കുന്നതിനൊപ്പം ഡിസൈനും നിറങ്ങളും കൊണ്ട് വ്യത്യസ്തമാക്കാനുള്ള പ്രതിബദ്ധതയ്ക്ക് അനുസൃതമായി, പാന്റോൺ മായി സഹകരിക്കുന്ന ആദ്യത്തെ സ്മാർട്ട്ഫോണും ഒരേയൊരു സ്മാർട്ട്ഫോൺ ബ്രാൻഡും മോട്ടോറോള ആണ്. തിരഞ്ഞെടുത്ത നിറമായ പാന്റോൺ 131023 പീച്ച് ഫസ് ആണ് പാന്റോൺ കളർ ഓഫ് ദ ഇയർ പ്രോഗ്രാമിന്റെ ഈ 25ആം വാർഷികത്തിലെ പ്രധാന താരം. വെൽവെറ്റ് ജന്റിൽ പീച്ച് നിറത്തിലുള്ള പാന്റോൺ 131023 പീച്ച് ഫസ്ന് കോസി ടെൻഡർ എസ്സൻസ് ഉണ്ട്, അത് ഐക്യത്തിന്റെയും കൂട്ടായ്മയുടെയും സഹകരണത്തിന്റെയും വികാരങ്ങൾ ഉൾക്കൊള്ളുന്നു.

തുടർച്ചയായ പങ്കാളിത്തത്തെക്കുറിച്ച്, മോട്ടോറോളയിലെ കസ്റ്റമർ എക്സ്പീരിയൻസ് ആൻഡ് ഡിസൈൻ ഹെഡ് റൂബൻ കാസ്റ്റാനോ ഇപ്രകാരം പറഞ്ഞു, സാങ്കേതികവിദ്യ മാനവികതയുമായി ഇഴചേർന്ന് മാറുന്നതിനനുസരിച്ച്, ഞങ്ങളുടെ ഉപകരണങ്ങളിൽ ആവിഷ്കാരത്തിനും ആഴമേറിയതും കൂടുതൽ അർത്ഥവത്തായതുമായ അനുഭവങ്ങൾ നൽകുന്നതിന് നിറത്തെ ഞങ്ങൾ വിശ്വസിക്കുന്നു. ഉപകരണങ്ങൾക്കപ്പുറം സോഫ്റ്റ്വെയറിലേക്ക് തന്നെ പോകുന്നത് ഇതിൽ ഉൾപ്പെടുന്നു. പാന്റോൺ കളർ ഓഫ് ദി ഇയർ 2024 നമ്മൾ ജീവിക്കുന്ന വെർചൽ ലോകത്തെയും ആഴത്തിലുള്ള ബന്ധങ്ങളും ക്ഷേമവും സ്ഥാപിക്കാനുള്ള ഞങ്ങളുടെ ആഗ്രഹവും സമന്വയിപ്പിക്കുന്നു.

പാന്റോൺ 131023 പീച്ച് ഫസിന്റെ തിരഞ്ഞെടുപ്പ്, സാങ്കേതികവിദ്യ കൂടുതൽ ആക്സസ് ചെയ്യാനുള്ള മോട്ടോറോളയുടെ ദൗത്യത്തെ പൂർത്തീകരിക്കുകയും മനഃപൂർവ്വം കണക്റ്റുചെയ്യാൻ സാങ്കേതികവിദ്യ ഉപയോഗിക്കാൻ ഉപഭോക്താക്കളെ സഹായിക്കുകയും ചെയ്യുന്നു. പാന്റോൺ 131023 പീച്ച് ഫസ് ഫീച്ചർ ചെയ്യുന്നതിനായി ഉപകരണങ്ങൾ തിരഞ്ഞെടുക്കുമ്പോൾ, മോട്ടോറോള വർണ്ണ സന്ദേശത്തെയും മനുഷ്യ ബന്ധത്തിന്റെ ശക്തിയിൽ ഊന്നിപ്പറയുന്നതിനെയും പ്രതിഫലിപ്പിച്ചു, മോട്ടോറോള 40 അൾട്രാ, മോട്ടോറോള എഡ്ജ് 40 നിയോ എന്നിവ ഈ മാനസികാവസ്ഥയെ ഉൾക്കൊള്ളുന്നുവെന്ന് കണ്ടെത്തി. പീക്ക് തെളിച്ചത്തോടെ ഏറ്റവും വേഗതയേറിയ 144 പുതുക്കൽ നിരക്കുള്ള ലോകത്തിലെ ഏറ്റവും വലിയ ബാഹ്യമായ 3.6ഇഞ്ച് പോൾഡ് ഡിസ്പ്ലേയാണ് 40 അൾട്രാ. ഈ ഫ്ലിപ്പ് ഫോൺ വളരെ കനം കുറഞ്ഞതും മടക്കിക്കഴിയുമ്പോൾ വിടവില്ലാത്ത രൂപകൽപ്പനയുള്ളതുമാണ്. തുറക്കുമ്പോൾ, ഫോണിന് 165 വരെ റിഫ്രഷ് റേറ്റും 1400നിശേ പീക്ക് തെളിച്ചവുമുള്ള ഏതാണ്ട് 6.9 പോൾഡ് ഡിസ്പ്ലേയുണ്ട്. ഈ ഐക്കണിക് ഫ്ലിപ്പ് ഫോണിൽ ശക്തമായ സ്നാപ്പ്ഡ്രാഗൺണ്ണ 8+ ഏലി 1 ടീഇ സജ്ജീകരിച്ചിരിക്കുന്നു, ഇത് തടസ്സമില്ലാത്ത അനുഭവം ഉറപ്പാക്കുന്നു. പീച്ച് ഫസ് എഡിഷനുള്ള സ്മാർട്ട്ഫോൺ ഉടൻ ഇന്ത്യയിൽ ലഭ്യമാകും.




# ഏകദിന സെമിനാർ സംഘടിപ്പിച്ചു

**കൊച്ചി:** നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടെ നികുതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ലഘൂകരിക്കുമെന്ന് പ്രിൻസിപ്പൽ കമ്മീഷണർ ഓഫ് ഇൻകം ടാക്സ് മുനേഷ് കുമാർ. സമൂഹത്തിന്റെ എല്ലാ മേഖലകളിലും പണത്തിന്റെ സ്വാധീനം പ്രകടമാണ്. സമൂഹത്തിന്റെ നിലനിൽപ് തന്നെ പണത്തിനെ അടിസ്ഥാനമാക്കിയാണ്. പണത്തിന്റെ ക്രയവിക്രയത്തിൽ കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും അദ്ദേഹം പറഞ്ഞു.ഐ സി എഐ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ്സ് ബോർഡ് സംഘടിപ്പിച്ച അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ്സ് ഏക ദിന സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഐ സി എഐ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ്സ് ബോർഡ് ചെയർമാൻ സി എ പ്രമോദ് ജെയിൻ അധ്യക്ഷത വഹിച്ചു. സി എ പ്രമോദ് ജെയിൻ, സി എ അലോക് കുമാർ ഗർഗ്, സി എ അമൽ പോൾ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. സി എ ബാബു എബ്രഹാം കള്ളിവയലിൽ, സി എ ദീപ വർഗീസ്, സി എ എ.എസ് ആനന്ദ്, എന്നിവർ സംസാരിച്ചു.ഐ സി എ ഐ എറണാകുളം ബ്രാഞ്ചാണ് സെമിനാറിന് ആതിഥേയത്വം വഹിച്ചത്.

# ഇന്ത്യയുടെ ജിഡിപി വളർച്ച ക്രിയാത്മകമായി തുടരുമെന്ന് ആക്സിസ് ബാങ്കിന്റെ റിപ്പോർട്ട്

**കൊച്ചി:** ഉയർന്ന ആഭ്യന്തര പലിശ നിരക്ക്, കയറ്റുമതിയിലെ കുറവ് എന്നിവയുണ്ടായാൽ പോലും ഇന്ത്യയുടെ ജിഡിപി വളർച്ച ക്രിയാത്മകമായി തുടരുമെന്ന് ആക്സിസ് ബാങ്കിന്റെ 2024-ലേക്കുള്ള സാമ്പത്തിക-വിപണി റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

ഇന്ത്യയുടെ വളർച്ചാ നിരക്ക് അമേരിക്ക മാത്രം മുന്നിലുള്ള വിധത്തിൽ രണ്ടാം സ്ഥാനത്ത് എത്തിക്കുന്ന 70/20 അടിസ്ഥാന പോയിന്റുകളുടെ ഉയർച്ച കൂടിയാവും ഉണ്ടാകുക.റിയൽ എസ്റ്റേറ്റ്, കോർപറേറ്റ് മൂലധനം എന്നിവയിലെ തിരിച്ചു വരവ്, മികച്ച അടിസ്ഥാന സൗകര്യങ്ങൾ അടക്കമുള്ള ഘടനാപരമായ സ്വാധീനങ്ങൾ എന്നിവ വളർച്ചയെ ത്വരിതപ്പെടുത്തുമെന്നും ആക്സിസ് ബാങ്ക് കണക്കു കൂട്ടുന്നു.

# കുഫോസിൽ ബി.എഫ്.എസ്.സി ക്ലാസ്സുകൾ തുടങ്ങി

**കൊച്ചി** :കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാലയിൽ (കുഫോസ്) 202324 അധ്യയന വർഷം ബി.എഫ്.എസ്.സി കോഴ്സിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളുടെ ക്ലാസ്സുകൾ ആരംഭിച്ചു. ഫിഷറീസ് പഠന രംഗത്തെ സാധ്യതകൾ വിശദമാക്കുന്ന ഓറിയന്റേഷൻ പരിപാടിയോടെയാണ് ക്ലാസുകൾക്ക് തുടക്കമായത്.കുഫോസിലെ 44ാമത് ബി.എഫ്.എസ്.സി ബാച്ചാണ് ഇതെന്ന് വൈസ് ചാൻസലർ ഡോ.ടി.പ്രദീപ് കുമാർ ഓറിയന്റേഷൻ പരിപാടി ഉദ്ഘാടനം ചെയ്തുകൊണ്ട് പറഞ്ഞു.

ഫിഷറീസ് കോളേജ് കാർഷിക സർവ്വകശാശാലയുടെ ഭാഗമായിരുന്നപ്പോൾ 1979ൽ ആണ് ബി.എഫ്.എസ്.സി കോഴ്സ് ആരംഭിക്കുന്നത്. മറ്റ് പ്രൊഫഷണൽ കോഴ്സുകൾക്ക് ഉള്ളതിനേക്കാൾ അന്താരാഷ്ട്ര തലത്തിൽ ഉന്നത പഠനാവസരങ്ങളും തൊഴിൽ സാധ്യതകളും ബി.എഫ്.എസ്.സിക്ക് ഉണ്ടെന്ന് വൈസ് ചാൻസലർ ഡോ.പ്രദീപ് കുമാർ ചൂണ്ടിക്കാട്ടി.

രജിസ്ട്രാർ ഡോ.ദിനേശ് കൈപ്പിള്ളി അധ്യക്ഷത വഹിച്ചു. ഗവേഷണ വിഭാഗം മേധാവി ഡോ. ദേവിക പിള്ള, വിജ്ഞാന വ്യാപന വിഭാഗം മേധാവി ഡോ.ഡെയ്സി കാപ്പൻ, പരീക്ഷ കൺട്രോളർ ഡോ.കെ.പി.സുബാഷ് ചന്ദ്രൻ, കോഴ്സ് കോഡിനേറ്റർ ഡോ.അനു ഗോപിനാഥ് എന്നിവർ പ്രസംഗിച്ചു.

# കുസാറ്റിൽ ജിയോജിത്തുമായി ചേർന്ന് പുതിയ സെന്റർ സ്ഥാപിക്കുന്നു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ പ്രമുഖ ഇന്ത്യൻ നിക്ഷേപ സേവന കമ്പനിയായ ജിയോജിത് ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡിന്റെ സഹകരണത്തോടെ എക്സലൻസ് ഇൻ സസ്റ്റൈനബിലിറ്റി സെന്റർ സ്ഥാപിക്കാൻ സർവകലാശാല സിൻഡിക്കേറ്റിൽ തീരുമാനമായി. ജിയോജിത് കുസാറ്റ് സെന്റർ ഓഫ് സസ്റ്റൈനബിലിറ്റി സെന്റർ (ജിസിസിഒഎസ്എസ്) എന്ന പേരിൽ ആരംഭിക്കുന്ന സെന്റർ കേരളത്തിലെ ഏറ്റവും വലിയ വ്യവസായഅക്കാദമിക് പങ്കാളിത്ത സംരംഭങ്ങളിലൊന്നാണ്.

ജിയോജിത്തിന്റെ സിഎസ്ആർ പ്രവർത്തനങ്ങളുടെ ഭാഗമായി, സമൂഹത്തിലെ ഏറ്റവും ദുർബലമായ കണ്ണികളെ ശക്തിപ്പെടുത്തുന്നതിനും, വളർച്ചയുടെയും വികസനത്തിന്റെയും വഴിയിലേക്ക് അവരെ ആകർഷിക്കുന്നതിനായി വിഭവങ്ങൾ ഉപയോഗിക്കാനും, ജനങ്ങളുടെ ക്ഷേമത്തിനും സുസ്ഥിരതയ്ക്കും ശാക്തീകരണത്തിനും സുസ്ഥിര സാമ്പത്തിക ലാഭത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് കേന്ദ്രം ഏറ്റെടുത്ത് നടത്തുക. നാല് വർഷ കാലയളവിൽ 5 കോടി രൂപയാണ് എൻഡോവ്മെന്റായി ജിയോജിത് സെന്ററിനായി നൽകുക. ഗവേഷണം, അക്കാഡമിക്സ്, കൺസൾട്ടിംഗ്, കപ്പാസിറ്റി ബിൽഡിങ്, ഇന്നൊവേഷൻ, സർട്ടിഫിക്കേഷൻ എന്നിങ്ങനെ ആറ് മേഖലകളിൽ സെന്റർ ശ്രദ്ധ കേന്ദ്രീകരിക്കും. മികച്ച ഗവേഷണ ഫലങ്ങൾ, അക്കാദമിക് ഉന്നമനം, സാങ്കേതിക കണ്ടുപിടിത്തങ്ങൾ എന്നിവ സൃഷ്ടിക്കുന്നതിനായി ആഗോള സഹകരണങ്ങളിൽ ഏർപ്പെടുന്ന, ഉയർന്ന നിലവാരമുള്ള ശാസ്ത്രജ്ഞരെയും സംരംഭകരെയും സൃഷ്ടിക്കുന്ന ഒരു കേന്ദ്രമായി ഇത് പ്രവർത്തിക്കും.

പരിസ്ഥിതി, സാമൂഹിക, ഭരണ (ഇഎസ്ജി) ലക്ഷ്യങ്ങൾ സർക്കാരുകൾക്കും കോർപ്പറേഷനുകൾക്കും ഒരു പ്രധാന അജണ്ടയായി ഉയർന്നുവരുന്ന സാഹചര്യത്തിൽ വിവിധ വിഷയങ്ങളിൽ കുസാറ്റിന്റെ വൈദഗ്ധ്യം ഉപയോഗിച്ച് ഗവൺമെന്റ്, കോർപ്പറേറ്റ് തലങ്ങളിൽ ഗവേഷണത്തെ ഈ കേന്ദ്രം പിന്തുണയ്ക്കും. ശാസ്ത്ര, സാങ്കേതിക, സാമൂഹിക ശാസ്ത്ര പരിജ്ഞാനം സമന്വയിപ്പിച്ച് ഇത്തരം ക്രോസ് ഡിപ്പാർട്ട്മെന്റ് ഗവേഷണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള ഒരു നോഡൽ കേന്ദ്രമായി മാറാൻ ജിസിസിഒഎസ്എസിന് സാധിക്കും.

കാലാവസ്ഥാ വ്യതിയാനം, സമ്പദ്വ്യവസ്ഥ, സുസ്ഥിര വിതരണ ശൃംഖല തുടങ്ങിയ വിഷയങ്ങളിൽ സാങ്കേതികവും ശാസ്ത്രപരവുമായ വകുപ്പുകളുടെ പിന്തുണയോടെ സുസ്ഥിരതയോടെയുള്ള പ്രത്യേക കോഴ്സുകൾ വികസിപ്പിക്കാനും നടപ്പിലാക്കാനും ജിസിസിഒഎസ്എസ് ഉദ്ദേശിക്കുന്നു. അത്തരം സാങ്കേതികവിദ്യകൾക്കും ബിസിനസ്സ് മോഡലുകൾക്കുമായി ഒരു ഇന്നൊവേഷൻ ഹബ്ബിന്റെ പങ്ക് കൂടി വഹിക്കും. തേർഡ് പാർട്ടി സർട്ടിഫിക്കേഷനുകൾ നൽകുന്നതിന് സ്റ്റാൻഡേർഡ് സെറ്റിംഗ് ബോഡികളുമായി സഹകരിച്ച് സ്വതന്ത്ര റേറ്റിംഗ് സംവിധാനങ്ങളും സെന്ററിൽ സ്ഥാപിക്കും. എസ്ഡിജികൾക്ക് അനുസൃതമായി വാദങ്ങൾ നൽകുന്നതിനും ക്രോസ്എന്റിറ്റി പങ്കാളിത്തം സുഗമമാക്കുന്നതിനും വിവിധ പങ്കാളികളുടെ പിന്തുണയോടെ വാർഷിക പരിപാടികൾ നടത്തി പങ്കാളിത്തം ഉറപ്പിക്കുന്നതിനുള്ള ഇടമായും കേന്ദ്രം മാറും.




# പ്രീമിയം മെൻസ്‌വെയർ ബ്രാൻഡ് കിംഗ്ഡം ഓഫ് വൈറ്റ് പുതിയ സ്റ്റോറുമായി കൊച്ചിയിലേക്ക്

**കൊച്ചി :** പ്രീമിയം മെൻസ്‌വെയർ ബ്രാൻഡാണ് കിം ഗ് ഡം ഓഫ് വൈറ്റിന്റെ പുതിയ സ്റ്റോർ കൊച്ചിയിലാരംഭിച്ചു. ഫോർ ദ ലവ് ഓഫ് വൈറ്റ് എന്ന തത്വത്തിൽ മുന്നോട്ടുവെയ്ക്കുന്ന ബ്രാൻഡിൽ എക്സ്ക്ലൂസീവ് വെള്ള വസ്ത്രങ്ങളുടെ ശേഖരമാണുള്ളത്.
ലുലു മാളിന്റെ ഒന്നാം നിലയിലാണ് പുതിയ സ്റ്റോർ ആരംഭിച്ചത്. ആകർഷകമായ പ്രിന്റുകളും ഡിസൈനുകളുമുള്ള മെൻസ് വെയറുകൾക്ക് 999 രൂപ മുതൽ 3,499 രൂപ വരെയാണ് വില.

കിങ്ഡം ഓഫ് വൈറ്റിന്റെ കൊച്ചിയിലേക്കുള്ള വരവ് ബ്രാൻഡിന്റെ പ്രയാണത്തിൽ സുപ്രധാന നാഴികക്കല്ലാണെന്നു സിഇഒ വിനീത് ഹരലാൽക്ക പറഞ്ഞു. പ്രീമിയം ലിനൻ, കോട്ടൺ, ലോഞ്ച് വെയർ, ഇൻഡി വെയർ, ക്ലാസിക്സ് എന്നിവയുൾപ്പെടെ വൈവിധ്യമാർന്ന കോഓർഡ് സെറ്റുകൾ തുടങ്ങി വിപുലമായ വസ്ത്രശേഖരങ്ങൾ കിംഗ്ഡം ഓഫ് വൈറ്റ് വാഗ്ദാനം ചെയ്യുന്നു.

## സ്കൂൾ വിദ്യാർത്ഥികൾക്ക് മത്സരങ്ങൾ സംഘടിപ്പിക്കുന്നു

**കൊച്ചി:** ജില്ലാ ക്ഷീരസംഗമത്തിന്റെ ഭാഗമായി സ്കൂൾ വിദ്യാർത്ഥികൾക്ക് വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. ഡിസംബർ 27 ന് കാക്കനാട് സിവിൽ സ്റ്റേഷനിലെ ജില്ലാ പ്ലാനിംഗ് ഹാളിൽ സംഘടിപ്പിക്കുന്ന മത്സരത്തിൽ ഓരോ സ്കൂളിൽ നിന്നും ഒരു വിഭാഗത്തിൽ പരമാവധി രണ്ട് വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം.

എൽ പി, യു പി വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ചിത്രരചന, ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗം വിദ്യാർത്ഥികൾക്ക് ഉപന്യാസരചന, ക്വിസ് എന്നിങ്ങനെയാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. രജിസ്ട്രേഷനുള്ള ഗൂഗിൾ ഫോം ലിങ്കിനും കൂടുതൽ വിവരങ്ങൾക്കുമായി 8075378210 എന്ന വാട്സ് ആപ്പ് നമ്പറിലും 04842422310 എന്ന ടെലിഫോൺ നമ്പറിലും ബന്ധപ്പെടാം. അവസാന തീയതി ഡിസംബർ 20.

## സർട്ടിഫിക്കറ്റ് ഇൻ അക്യുപ്രഷർ ആന്റ് ഹോളിസ്റ്റിക് ഹെൽത്ത് കെയർ കോഴ്സ്

**കൊച്ചി:** സ്റ്റേറ്റ് റിസോഴ്സ് സെന്ററിനു കീഴിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2024 ജനുവരി സെഷനിൽ നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ അക്യുപ്രഷർ ആന്റ് ഹോളിസ്റ്റിക് ഹെൽത്ത് കെയർ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. സർട്ടിഫിക്കറ്റ് കോഴ്സിന് ആറു മാസമാണ് കാലാവധി. 18 വയസിനു മേൽ പ്രായമുള്ള ആർക്കും അപേക്ഷിക്കാം. ഉയർന്ന പ്രായപരിധി ഇല്ല. ശനി/ഞായർ/പൊതു അവധി ദിവസങ്ങളിലാകും കോണ്ടാക്ട് ക്ലാസ്സുകൾ. തിയറിക്കും പ്രാക്ടിക്കലിനും https://apps.rccc.in/registerm ലിങ്കിലൂടെ ആപ്ലിക്കേഷൻ ഓൺലൈനായി സമർപ്പിക്കാൻ കഴിയും.

വിശദവിവരങ്ങൾ wwws.rccc.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ഡിസംബർ 31. താല്പര്യമുള്ളവർ ഡോ.അൻസാർ ഹീലിംഗ് ടച്ച്, വൈറ്റില, എറണാകുളം സ്റ്റഡി സെന്ററുമായി ബന്ധപ്പെടുക. ഫോൺ :9747204777

## സ്കോൾ കേരള ഡിപ്ലോമ ഇൻ ഡൊമിസിലിയറി നേഴ്സിംഗ് കെയർ കോഴ്സ് പ്രവേശന തീയതി ദീർഘിപ്പിച്ചു

**കൊച്ചി:** സ്കോൾകേരള മുഖേന സംസ്ഥാന ആരോഗ്യ വകുപ്പിന്റേയും നാഷണൽ ഹെൽത്ത് മിഷന്റേയും സഹകരണത്തോടെ ആരംഭിച്ചിട്ടുള്ള ഡിപ്ലോമ ഇൻ ഡൊമിസിലിയറി നഴ്സിംഗ് കെയർ കോഴ്സിന്റെ ഒന്നാം വർഷ ബാച്ചിലേയ്ക്കുള്ള (2023) പ്രവേശന തീയതികൾ ദീർഘിപ്പിച്ചു.

100 രൂപ പിഴയോടുകൂടി ഡിസംബർ 18 വരെ www.scolekerala.org വെബ്സൈറ്റിലൂടെ ഫീസടച്ച് ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യാം. രജിസ്ട്രേഷനു ശേഷം അപേക്ഷയുടെ പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും സ്പീഡ് / രജിസ്ട്രേഡ് തപാൽ മാർഗ്ഗം രണ്ട് ദിവസത്തിനകം സംസ്ഥാന/ജില്ലാ ഓഫീസിൽ നേരിട്ടോ തപാൽ മാർഗ്ഗമോ ലഭിക്കണം. വിശദവിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ : 0484 2377537, 9447913820

## ക്ലറിക്കൽ അസിസ്റ്റന്റ് പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം ജില്ലയിൽ അഭ്യസ്തത വിദ്യരും തൊഴിൽ രഹിതരുമായ പട്ടികജാതി യുവതീ യുവാക്കൾക്ക് ജില്ലാ പട്ടികജാതി വികസന ഓഫീസിലും, ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിലും ഗവൺമെന്റ് പ്ലീഡർമാരുടെ ഓഫീസുകളിലും ക്ലറിക്കൽ അസിസ്റ്റന്റ്സ് പരിശീലനത്തിനായി അപേക്ഷ ക്ഷണിച്ചു. ബിരുദത്തോടൊപ്പം ആറുമാസത്തിൽ കുറയാത്ത പി എസ് സി അംഗീകൃത കമ്പ്യൂട്ടർ കോഴ്സ് പാസ്സായിട്ടുളളവരും 21 നും 35 വയസ്സിനുമിടയ്ക്ക് പ്രായമുള്ള എറണാകുളം ജില്ലയിലുളളവരും സാധുവായ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കാർഡ് ഉളളവരുമായിരിക്കണം അപേക്ഷകർ. ഒരു വർഷമാണ് പരിശീലന കാലയളവ്. 10,000 രൂപ സ്റ്റൈപ്പന്റായി നൽകുന്നതാണ്. ക്ലറിക്കൽ അസിസ്റ്റന്റുമാരായി നിയമിക്കപ്പെടുന്നവർക്ക് സ്ഥിരനിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

നിശ്ചിത മാതൃകയിലുള്ള അപേക്ഷ, ജാതി, വിദ്യാഭ്യാസ യോഗ്യത, പ്രായം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, സാധുവായ എംപ്ലോയ്മെന്റ് കാർഡ്, പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം ജില്ലാ/ ബ്ലോക്ക് / മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിലും ഡിസംബർ 23 ശനിയാഴ്ച വൈകിട്ട് അഞ്ചിന് മുമ്പായി സമർപ്പിക്കേണ്ടതാണ്. വിശദ വിവരങ്ങൾക്ക് ജില്ലാ പട്ടികജാതി വികസന ഓഫീസുമായി ബന്ധപ്പെടുക. ഫോൺ നമ്പർ 0484 2422256.

## യുവാക്കൾക്കായി മേരായുവഭാരത് പോർട്ടൽ തുടങ്ങി

**കൊച്ചി:** കേന്ദ്രസർക്കാരിന്റെ യുവജന കാര്യകായിക മന്ത്രാലയത്തിനു കീഴിൽ യുവജനങ്ങൾക്കായി ഓൺലൈൻ പ്ലാറ്റ്ഫോം രജിസ്ട്രേഷൻ ആരംഭിച്ചു. 15 നും 29നും ഇടയിൽ പ്രായമുള്ള ഇന്ത്യയിലെ യുവജനങ്ങൾക്ക് https://mybharat.gov.in/ മൈഭാരത് പോർട്ടലിന്റെ ആനുകൂല്യങ്ങൾ നേടാം.

ഇന്ത്യയിലെ എല്ലാ യുവാക്കൾക്കും രാഷ്ട്രനിർമ്മാണത്തിനു സംഭാവന നൽകാനും ഓൺലൈനിൽ നൽകുന്ന പഠനങ്ങളിലൂടെ അവരുടെ വൈദഗ്ധ്യം വർദ്ധിപ്പിക്കുവാനും ഈ സംവിധാനത്തിലൂടെ കഴിയും, പോർട്ടലിൽ വാഗ്ദാനം ചെയ്യുന്ന എന്റെഭാരത് ആനുകൂല്യങ്ങളുടെ പൂർണ്ണമായ വിവരങ്ങൾ നിങ്ങൾക്ക് വെബ്സൈറ്റിൽ തന്നെ ലഭ്യമാണ്.

നിങ്ങളുടെ താൽപര്യങ്ങൾക്ക് അനുസരിച്ച് അവ ഉപയോഗിക്കാവുന്നതുമാണ്. യുവ ഉത്സവങ്ങൾ, യുവജന സാംസ്കാരിക വിനിമയ പരിപാടികൾ, പരിശീലന പരിപാടികൾ, യൂത്ത് ഇന്റേൺഷിപ്പ്. എക്സ്പീരിയൻഷ്യൽ ലേണിംഗ്. എൻ.ജി.ഒകളുമായി ബന്ധം സ്ഥാപിക്കൽ, ബിസിനസ്സ്, ഏറ്റവും പുതിയ റിക്രൂട്ട്മെന്റ് അറിയിപ്പ് എന്നിവയും അതിലേറെ വിവിധ സേവനങ്ങളുമുണ്ട്.

ഓൺലൈനായി അപേക്ഷിക്കുന്നതിന് പേര്, മൊബൈൽ നമ്പർ, സ്ഥലം, സംസ്ഥാനം, മറ്റ് അടിസ്ഥാന വിശദാംശങ്ങൾ ആവശ്യമാണ്. രജിസ്ട്രേഷൻ നടത്തി കഴിഞ്ഞാൽ വിവിധ സർക്കാർ സേവന സംരംഭങ്ങളിൽ പങ്കെടുക്കാൻ അവസരം ലഭിക്കും.

# സെറിബ്രൽ പാൾസി: വെല്ലുവിളികളെ കുറിച്ചറിയാം

ആരോഗ്യം



ഒരുമിക്കാം ശക്തിയോടെ എന്നതാണ് ഈ വർഷത്തെ ലോക സെറിബ്രൽ പാൾസി ദിനത്തിന്റെ മുദ്രാവാക്യം. സെറിബ്രൽ പാൾസി ബാധിതരോട് കാണിക്കേണ്ട ഐക്യം, സഹകരണം, പരസ്പര പിന്തുണ എന്നിവയെ വരച്ചു കാണിക്കുന്നതാണ് ഈ സന്ദേശം. സെറിബ്രൽ പാൾസിയുമായി ബന്ധപ്പെട്ട പ്രധാന കാര്യങ്ങളെ കുറിച്ചാണ് ഈ ലേഖനം ചർച്ച ചെയ്യുന്നത്.ലോകമെമ്പാടുമായി ദശലക്ഷക്കണക്കിന് ആളുകളെ ബാധിച്ചിട്ടുള്ള ചലന വൈകല്യമാണ് സെറിബ്രൽ പാൾസി അഥവാ മസ്തിഷ്ക തളർവാതം. ലഭ്യമായ വിവരങ്ങൾ പ്രകാരം ആധുനിക വൈദ്യശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന ഹിപ്പോക്രാറ്റസിന്റെ ലിഖിതങ്ങളിലാണ് ഇതിനെ കുറിച്ചുള്ള ആദ്യ പരാമർശനങ്ങൾ ഉള്ളത്. ബി.സി അഞ്ചാം നൂറ്റാണ്ടിലേതെന്ന് കരുതുന്നവയാണ് ഇവ. ആധുനിക കാലത്തേക്ക് വന്നാൽ 1860കളിൽ വില്ല്യം ജോൺ ലിറ്റിലിനാൽ എന്ന സർജനാണ് സെറിബ്രൽ പരാലിസിസ് എന്ന പേരിൽ ഈ അസുഖം വിവരിക്കുന്നത്. പ്രമുഖ ഫിസിഷ്യനായിരുന്ന വില്ല്യം ഓസ്ലറാണ് സെറിബ്രൽ പാൾസി എന്ന പേരിടുന്നത്.



ഡോ. സ്മിലു മോഹൻലാൽ,
സീനിയർ സ്പെഷ്യലിസ്റ്റ് പീഡിയാട്രിക് ന്യൂറോളജി, ആസ്റ്റർ മിംസ്, കോഴിക്കോട്

### എന്താണ് സെറിബ്രൽ പാൾസി?

ഗർഭാവസ്ഥയിലോ ജനനത്തിന് മുമ്പോ, ജനന സമയത്തോ, ജനനശേഷമോ ഒരു കുഞ്ഞിനുണ്ടാകുന്ന മസ്തിഷ്ക സംബന്ധമായ തകരാറുകളുടെ പൊതുരൂപമാണ് സെറിബ്രൽ പാൾസി. ഇതിനെ ഒരു പ്രത്യേക രോഗമായി കണക്കാക്കാൻ കഴിയില്ല. ചലനം, ശരീരത്തിന്റെ സന്തുലനം, നിൽപ്പ്, ഏകോപിത പ്രവർത്തനങ്ങൾ, ആശയ വിനിമയം, പഠിക്കാനുള്ള കഴിവ്, ഭക്ഷണം, ഉറക്കം എന്നിവയെ ബാധിക്കുന്ന പ്രശ്നങ്ങൾ തുടങ്ങി വിവിധ രൂപത്തിലുള്ള ബുദ്ധിമുട്ടുകളെ ഇതിന് കീഴിൽ പറയാൻ കഴിയും. അതേസമയം കുട്ടികളുടെ മസ്തിഷ്കത്തിൽ ചലനത്തെ നിയന്ത്രിക്കുന്ന ഭാഗങ്ങളിലാണ് കൂടുതലായി ക്ഷതം അനുഭവപ്പെടുന്നതായി കാണുന്നത്. ഇന്ത്യയിൽ 1000 കുഞ്ഞുങ്ങൾ ജനിക്കുമ്പോൾ മൂന്ന് പേർ സെറിബ്രൽ പാൾസി ബാധിതരാണെന്നാണ് സ്ഥിതി വിവര കണക്കുകളിൽ നിന്ന് വ്യക്തമാകുന്നത്.

### സെറിബ്രൽ പാഴ്സി ബാധിതർ നേരിടുന്ന ബുദ്ധിമുട്ടുകൾ

ഓരോ വ്യക്തികളെയും വിവിധ തരത്തിലാണ് സെറിബ്രൽ പാൾസി ബാധിക്കുന്നത്. കഠിനമായ സെറിബ്രൽ പാൾസിയുള്ളവർക്ക് ഭക്ഷണം വിഴുങ്ങുന്നതിനും ശ്വസിക്കുന്നതിനും തല, കഴുത്ത്, മൂത്രസഞ്ചി, മല വിസർജ്ജനം എന്നിവ നിയന്ത്രിക്കുന്നതിനും വലിയ ബുദ്ധിമുട്ടുകൾ നേരിടാം. ചിലരിൽ ഒരു കൈയ്ക്ക് മാത്രമായിരിക്കും ബലഹീനത ഉണ്ടാകുക. ചിലർക്ക് മുഴുവൻ സമയവും പരസഹായം വേണ്ടി വന്നേക്കാം.പല വ്യക്തികൾക്കും ശബ്ദങ്ങളൊന്നും തന്നെ സൃഷ്ടിക്കാൻ കഴിയാത്ത സാഹചര്യങ്ങൾ ഉണ്ടാകാറുണ്ട്. സെറിബ്രൽ പാൾസിയുള്ള നാലുപേരിൽ ഒരാൾക്ക് സംസാരിക്കാൻ സാധിക്കില്ല എന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. ചിലരിൽ സെറിബ്രൽ പാൾസിയുമായി ബന്ധപ്പെട്ട മറ്റു വൈകല്യങ്ങൾ മൂലം ശക്തമായ വേദന അനുഭവപ്പെടാറുണ്ട്. ഇത് പെരുമാറ്റം, സ്വയം കാര്യങ്ങൾ ചെയ്യാനുള്ള കഴിവ്, ഉറക്കം എന്നിവയെ പ്രതികൂലമായി ബാധിച്ചേക്കാം.

### പ്രധാന കാരണങ്ങൾ

വളർച്ചയുടെ ആദ്യ ഘട്ടത്തിൽ തലച്ചോറിന് ഏൽക്കുന്ന ക്ഷതങ്ങളും ബുദ്ധിമുട്ടുകളുമാണ് സെറിബ്രൽ പാൾസിയുടെ പ്രധാന കാരണം. വിഖ്യാത മനശാസ്ത്രജ്ഞനും ന്യൂറോളജിസ്റ്റുമായ സിഗ്മണ്ട് ഫ്രോയ്ഡായിരുന്നു ഗർഭസ്ഥശിശുക്കളിലെ വളർച്ച തകരാറുകളാണ് ഇതിന് പ്രധാന കാരണമെന്ന് കണ്ടെത്തിയത്.ഗർഭകാലത്ത് മാതാവിനുണ്ടാകുന്ന അണുബാധകൾ, വിവിധ വൈറസ് രോഗങ്ങൾ, അമിത രക്തസമ്മർദ്ദം, പ്രമേഹം, മാസം തികയാതെയുള്ള പ്രസവം, കുഞ്ഞിന് അമിത ഭാരക്കുറവ് അനുഭവപ്പെടുക, ഗർഭാവസ്ഥയിൽ ഉണ്ടാകുന്ന ശ്വാസതടസം, പൊക്കിൾകൊടി കഴുത്തിൽ ചുറ്റിയ അവസ്ഥ, രക്തത്തിൽ കാണപ്പെടുന്ന ഗ്ലൂക്കോസിൻറെ ക്രമരഹിതമായ വ്യതിയാനങ്ങൾ, ജനന സമയത്തുണ്ടാകുന്ന ശ്വാസ തടസ്സങ്ങൾ, കുഞ്ഞ് കരയാൻ വൈകുന്നത് മൂലം തലച്ചോറിലേക്കുള്ള രക്തപ്രവാഹം തടസപ്പെടൽ, മസ്തിഷ്ക സംബന്ധമായ മെനിഞ്ചൈറ്റിസ് എങ്കഫലൈറ്റിസ് പോലെയുള്ള അണുബാധകൾ, ജനന ശേഷം കുട്ടികൾക്കുണ്ടാകുന്ന അപകടങ്ങൾ, തലയിലെ മുറിവും രക്തസ്രാവവും, ജനന ശേഷമുണ്ടാകുന്ന അപസ്മാരം എന്നിവയെല്ലാം സെറിബ്രൽ പാൾസിക്ക് കാരണമായേക്കാം. ഗർഭകാലത്ത് മാതാവ് അനുഭവിക്കുന്ന മാനസിക സംഘർഷങ്ങളും ഇതിന് കാരണമാകാം.

**ഗർഭാവസ്ഥയിലോ ജനനത്തിന് മുമ്പോ, ജനന സമയത്തോ, ജനനശേഷമോ ഒരു കുഞ്ഞിനുണ്ടാകുന്ന മസ്തിഷ്ക സംബന്ധമായ തകരാറുകളുടെ പൊതുരൂപമാണ് സെറിബ്രൽ പാൾസി. ഇതിനെ ഒരു പ്രത്യേക രോഗമായി കണക്കാക്കാൻ കഴിയില്ല. ചലനം, ശരീരത്തിന്റെ സന്തുലനം, നിൽപ്പ്, ഏകോപിത പ്രവർത്തനങ്ങൾ, ആശയ വിനിമയം, പഠിക്കാനുള്ള കഴിവ്, ഭക്ഷണം, ഉറക്കം എന്നിവയെ ബാധിക്കുന്ന പ്രശ്നങ്ങൾ തുടങ്ങി വിവിധ രൂപത്തിലുള്ള ബുദ്ധിമുട്ടുകളെ ഇതിന് കീഴിൽ പറയാൻ കഴിയും. ഇന്ത്യയിൽ 1000 കുഞ്ഞുങ്ങൾ ജനിക്കുമ്പോൾ മൂന്ന് പേർ സെറിബ്രൽ പാൾസി ബാധിതരാണെന്നാണ് സ്ഥിതി വിവര കണക്കുകളിൽ നിന്ന് വ്യക്തമാകുന്നത്.**

### നേരത്തെ തിരിച്ചറിയാൻ കഴിയുമോ?

കുഞ്ഞിനെ കൃത്യമായി നിരീക്ഷിക്കുന്നത് വഴി നേരത്തെ തന്നെ സെറിബ്രൽ പാൾസി തിരിച്ചറിയാൻ കഴിയും. മുലപ്പാൽ വലിച്ച് കുടിക്കുന്നതിനു പ്രയാസം അനുഭവപ്പെടുക, നിർത്താതെയുള്ള കരച്ചിൽ, ശരീരത്തിന് ബലക്കുറവോ അനിയന്ത്രിതമായ ബലക്കൂടുതല്ലോ ഉണ്ടാകുക എന്നിവ ലക്ഷണങ്ങളാണ്.രണ്ട് മാസം പ്രായമായ കുഞ്ഞ് മുഖത്ത് നോക്കി പുഞ്ചിരിക്കാതിരിക്കുക, കണ്ണുകളിലേക്ക് നോക്കാൻ കഴിയാതിരിക്കുക, നാല് മാസം പ്രായം ആയിട്ടും കഴുത്ത് ഉറക്കാതിരിക്കുക, ശരീരത്തിൻറെ ഒരു ഭാഗമോ അവയവമോ മാത്രം ഉപയോഗിക്കുക, ശബ്ദം കേൾക്കുമ്പോൾ ശ്രദ്ധിക്കാതിരിക്കുക എന്നിവയോ വളർന്ന് തുടങ്ങുമ്പോൾ അതാത് സമയങ്ങളിൽ, കുട്ടിയുടെ തല ഉറക്കുക, കമിഴ്ന്ന് വീഴുക, നീന്തുക, ഇരിക്കുക, നിൽക്കുക, നടക്കുക തുടങ്ങിയ കുട്ടികളുടെ വളർച്ചയുടെ വിവിധ നാഴികക്കല്ലുകൾ കൈവരിക്കാൻ കുട്ടിക്ക് സാധിക്കാതിരിക്കുകയോ ചെയ്യുന്നത് രോഗ ലക്ഷണങ്ങളാണ്.വിദഗ്ധ ഡോക്ടർമാരുമായി ജനന ചരിത്രം പങ്ക് വെക്കുകയും സൂക്ഷ്മ നിരീക്ഷണങ്ങൾ നടത്തുകയും വേണം. വിശദമായ ശാരീരിക പരിശോധനകൾ, രക്തപരിശോധനകൾ, ഇ.ഇ.ജി, സി.ടി, എം.ആർ.ഐ, കേൾവി, കാഴ്ച്ച സംബന്ധമായ പരിശോധനകൾ എന്നിവ നടത്തേണ്ടത് അത്യാവശ്യമാണ്.

### ചികിത്സ

നിലവിൽ സെറിബ്രൽ പാൾസി പൂർണമായും ഭേദമാക്കാൻ പ്രത്യേക ചികിത്സകളൊന്നും ഇല്ല. മരുന്ന് കൊണ്ട് മാത്രം ഭേദമാക്കാനും കഴിയില്ല. വിവിധ തരം തെറാപ്പികളും അത്യാവശ്യമാണ്. ഇതിനായി ശിശുരോഗ വിദഗ്ധൻ, പീഡിയാട്രിക് ന്യൂറോളജിസ്റ്റ്, ഏർളി ഡവലപ്പെമെൻറൽ തെറാപ്പിസ്റ്റ്, പീഡിയാട്രിക് ഫിസിയോതെറാപ്പിസ്റ്റ്, ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ്, സ്പീച്ച് ലാംഗ്വേജ് തെറാപ്പിസ്റ്റ്, സൈക്കോ ബിഹേവിയറൽ തെറാപ്പിസ്റ്റ്, സ്പെഷ്യൽ ടീച്ചേർസ്, സോഷ്യൽ വർക്കർ എന്നിവരടങ്ങുന്ന വിദഗ്ധ സംഘം കുട്ടിയെ പരിശോധിച്ച് വിലയിരുത്തിയതിന് ശേഷമാണ് ചികിത്സ നിർണയിക്കുന്നത്. അതേസമയം ചികിത്സ വൈകുന്നത് ഫലപ്രാപ്തി കുറക്കും.സെറിബ്രൽ പാൾസി ബാധിച്ച 40 ശതമാനം കുട്ടികളെങ്കിലും സാധാരണ ബുദ്ധിശേഷിയുള്ളവർ തന്നെയാണ്. ഇത്തരം കുട്ടികളുടെ ചലനശേഷി, ആശയവിനിമയ ശേഷി, പഠനശേഷി എന്നിവ പ്രത്യേക പരിശോധനയിലൂടെ നിർണയിച്ച് ഉചിതമായ ചികിത്സ നൽകണം.

### കൂടെ നിൽക്കാം, കരുത്ത് പകരാം

ഒരു വ്യക്തിയുടെ സാധാരണ ജീവിതത്തെ ദുഷ്ക്കരമാക്കുന്നതാണ് സെറിബ്രൽ പാൾസി മൂലമുണ്ടാകുന്ന വൈകല്യങ്ങൾ. സെറിബ്രൽ പാൾസി ബാധിതരുടെ കൂടെ നിന്ന് ആത്മവിശ്വാസവും കരുത്തും പകരുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇതു വഴി അവർക്ക് സമൂഹത്തിലേക്ക് കൂടുതൽ ഇടപഴകാൻ സാധിക്കും. അതേസമയം നൈപുണ്യ വികസനത്തിലൂടെ അവരെ സ്വയം പര്യാപ്തരാക്കാൻ പരിശീലിപ്പിക്കുന്നതും വളരെ നല്ലതാണ്.സെറിബ്രൽ പാൾസിയുള്ള കുട്ടികൾക്ക് പ്രത്യേക ആവശ്യങ്ങളുണ്ട്. ഡോക്ടർമാരുംയ തെറാപ്പിസ്റ്റുകളും കുട്ടിയുടെ ചികിത്സയുടെ ഭൂരിഭാഗവും കൈകാര്യം ചെയ്യുമെങ്കിലും, സ്വന്തം കുട്ടിയുടെ ജീവിതം സുഗമമാക്കാൻ മാതാപിതാക്കൾക്കും കുടുംബാഗങ്ങൾക്കും വലിയ പങ്ക് വഹിക്കാനാകും. മക്കളുടെ / സഹോദരങ്ങളുടെ ആരോഗ്യത്തെക്കുറിച്ച് മാതാപിതാക്കൾ അറിഞ്ഞിരിക്കേണ്ടതാണ്. ഇതോടൊപ്പം ചികിത്സയിൽ പങ്ക് ചേരുന്നതും നല്ലതാണ്. ചികിത്സകൾക്ക് ഫലം ലഭിക്കുന്നുണ്ടോ എന്നറിയാനും ഇത് സഹായിക്കും.സെറിബ്രൽ പാൾസിയുള്ള ഒരു കുട്ടിക്ക് സഹോദരങ്ങൾക്കോ, സമപ്രായക്കാർക്കോ ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും അവരെ പോലെ ചെയ്യാൻ കഴിയില്ല. പക്ഷേ പരിമിതിയിൽ അസ്വസ്ഥനാകാതിരിയ്ക്കാൻ വേണ്ട പിന്തുണ നൽകേണ്ടത് കുടുംബമാണ്. കുടുംബാഗങ്ങൾ ചേർന്ന് സെറിബ്രൽ പാൾസി ബാധിതരായ കുട്ടികളുടെ മനസ്സ് വിശാലമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തണം. ബീച്ചിലേക്കും പാർക്കുകളിലേക്കും കൊണ്ടുപോവുക, എല്ലാത്തരം സംഗീതവും കേൾപ്പിക്കുക, പല കളികളിലും പങ്കെടുപ്പിക്കുക, മാതാപിതാക്കൾ പുതിയ കാര്യങ്ങൾ പരീക്ഷിക്കുമ്പോൾ, സജീവമായ പങ്ക് വഹിക്കാൻ കുട്ടിക്ക് അവസരം നൽകണം.

# സാനി ഇന്ത്യ നിർമ്മാണ ഉപകരണങ്ങളുടെ ശ്രേണി പുറത്തിറക്കി

**ബാംഗ്ലൂർ:** നിർമ്മാണ ഉപകരണങ്ങളുടെ നിർമ്മാതാക്കളായ സാനി ഇന്ത്യ തങ്ങളുടെ ഉപകരണങ്ങളുടെ വലിയൊരു നിര പുറത്തിറക്കി. ദക്ഷിണേഷ്യയിലെ ഏറ്റവും വലിയ നിർമ്മാണ ഉപകരണ പ്രദർശനമായ എക്സ്കോണിൽ പുറത്തിറക്കി. 15 പുതിയ മോഡലുകളുൾപ്പടെ ഈ വർഷം 44 യന്ത്രങ്ങൾ കമ്പനി പ്രദർശിപ്പിച്ചു. ഏർത്ത് വർക്ക്, എക്സ്കവേഷൻ, ഹെവി ലിഫ്റ്റിങ്ങ്, ഡീപ്പ് ഫൗണ്ടേഷൻ വർക്കുകൾ, ഖനന പ്രവർത്തനങ്ങൾ, റോഡ് നിർമ്മാണം, തുറമുഖ ഉപകരണം എന്നിങ്ങനെയുള്ള വൈവിധ്യമാർന്ന പ്രയോഗങ്ങൾക്ക് വേണ്ടി രൂപകൽപ്പന നൽകിയ അത്യാധുനിക ഇലക്ട്രിക് യന്ത്രങ്ങൾ ഇവയിൽ ഉൾപ്പെടുന്നു.



സുരക്ഷിതത്വം, ഉൽപ്പാദനക്ഷമത അല്ലെങ്കിൽ ഫലപ്രാപ്തി എന്നിവയിൽ യാതൊരു വിട്ടുവീഴ്ച്ചയും ചെയ്യാതെ തന്നെ ലാഭകരമായ രീതിയിൽ ഉന്നത നിലവാരമുള്ള പ്രവർത്തനം കാഴ്ച്ചവയ്ക്കുന്ന ഇലക്ട്രിക് യന്ത്രങ്ങളാണ് ഇവ. നിർമ്മാണ മേഖലയുടെ സുസ്ഥിരമായ ഭാവിയിലേക്കുള്ള വഴിയാണ് ഈ യന്ത്രങ്ങൾ വെട്ടിത്തെളിക്കുന്നത്.

ഈ വ്യവസായ മേഖലയിലെ നിലവാരം പുനർ നിർവചിക്കുകയും പാരിസ്ഥിതിക സുസ്ഥിരതയിലേക്ക് സംഭാവന നൽകുകയും ചെയ്യുന്ന നവീനമായ പരിഹാരങ്ങൾ നൽകുന്ന കാര്യത്തിൽ സാനി ഇന്ത്യ ഇപ്പോഴും ഉറച്ച കാൽ വയ്പ്പുകളോടെ മുന്നോട്ട് പോകുന്നു. സുസ്ഥിരത, പ്രവർത്തിപ്പിക്കുന്നവർക്കുള്ള സുഖം, ഉന്നതമായ ഉൽപ്പാദനക്ഷമത, ചുരുങ്ങിയ ചെലവ് എന്നിവയുടെ വളർന്നു കൊണ്ടിരിക്കുന്ന പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ട് തങ്ങളുടെ ഉപകരണങ്ങൾ എല്ലാം തന്നെ ജിപിഎസ്, ജൈവ ഇന്ധനക്ഷമമായ എഞ്ചിനുകൾ, ബദൽ ഇന്ധന പോംവഴികൾ എന്നിങ്ങനെയുള്ള ആധുനിക സാങ്കേതിക വിദ്യകളോടു കൂടി വന്നെത്തുന്നവയാണെന്ന് സാനി ഇന്ത്യ ഉറപ്പ് വരുത്തുന്നു.

ഫല പ്രാപ്തിയുടെയും പരിസ്ഥിതി അനുകൂല പ്രകടനങ്ങളുടേയും കാര്യത്തിൽ ഈ വ്യവസായ മേഖലയിലെ നിലവാരങ്ങളെ മറികടക്കുവാനായുള്ള നല്ല മാർഗങ്ങളാണ് ഇത്തരം ആധുനിക യന്ത്രങ്ങളിൽ കൂട്ടിച്ചേർത്തിരിക്കുന്നത്.

നിലവിൽ 30,000ലധികം സാനി യന്ത്രങ്ങൾ രാജ്യത്തുടനീളമുള്ള വലുതും ചെറുതുമായ അടിസ്ഥാന സൗകര്യ പദ്ധതികളിൽ സജീവമായ രീതിയിൽ സംഭാവന ചെയ്തു വരുന്നു.

# സേവിംഗ്സ്, കറന്റ് അക്കൗണ്ടുകൾക്കായി BOB പരിവാർ അക്കൗണ്ട് അവതരിപ്പിച്ച് ബാങ്ക് ഓഫ് ബറോഡ

**മുംബൈ:** ഇന്ത്യയിലെ മുൻനിര പൊതുമേഖലാ ബാങ്കുകളിൽ ഒന്നായ ബാങ്ക് ഓഫ് ബറോഡ സേവിംഗ്സ്, കറന്റ് അക്കൗണ്ടുകൾക്കായി BOB പരിവാർ അക്കൗണ്ട് അവതരിപ്പിക്കുന്നതായി പ്രഖ്യാപിച്ചു. ബാങ്കിന്റെ ബോബ് കെ സംഗ്ത്യോഹാർ കി ഉമംഗ് എന്ന ഉത്സവ കാമ്പെയ്നിന്റെ ഭാഗമായി ആരംഭിച്ച മൈ ഫാമിലി, മൈ ബാങ്ക് സെഗ്മെന്റ്, ഒരു കുടുംബത്തിലെ അംഗങ്ങളുടെ ബാങ്ക് അക്കൗണ്ടുകൾ ഗ്രൂപ്പ് ചെയ്യുന്നു. ഓരോ അക്കൗണ്ടും പ്രാഥമിക അക്കൗണ്ട് ഉടമ സ്വതന്ത്രമായി പ്രവർത്തിപ്പിക്കുമ്പോൾ, ത്രൈമാസ ശരാശരി ബാലൻസ് പരിപാലനം ഗ്രൂപ്പ്/കുടുംബ തലത്തിൽ രേഖപ്പെടുത്തുന്നതിനാൽ, ഓരോ അക്കൗണ്ടിലും ഝഅആ നിലനിർത്തേണ്ടതിന്റെ ആവശ്യമില്ല.

മൊത്തത്തിലുള്ള മെച്ചപ്പെടുത്തിയ ബന്ധം മൂലം ഓരോ കുടുംബാംഗത്തിനും ഉത്സവ കാലയളവിൽ ആനുകൂല്യങ്ങളുടെ ഒരു ശ്രേണിയിലേക്ക് പ്രവേശനം നൽകുന്നു. പരിവാർ സൗകര്യം പുതിയതും നിലവിലുള്ളതുമായ ഉപഭോക്താക്കൾക്ക് ലഭ്യമാണ്.

പരിവാർ അക്കൗണ്ടിൽ കുറഞ്ഞത് രണ്ട് പേരും പരമാവധി ആറ് അംഗങ്ങളും ഉൾപ്പെടാം. ആഛആ പരിവാർ സേവിംഗ്സ് അക്കൗണ്ട് സെഗ്മെന്റിനുള്ള യോഗ്യരായ കുടുംബാംഗങ്ങളിൽ പങ്കാളി, മാതാപിതാക്കൾ, കുട്ടികൾ, മാതാപിതാക്കൾ, മരുമക്കൾ കൂടാതെ/അല്ലെങ്കിൽ മരുമകൻ എന്നിവരും ഉൾപ്പെടുന്നു.

പരിവാർ കറന്റ് അക്കൗണ്ട് ഉടമസ്ഥാവകാശം, പങ്കാളിത്തം, LLP, പ്രൈവറ്റ് ലിമിറ്റഡ് കമ്പനികൾ, ഗ്രൂപ്പ് കമ്പനികൾ, സഹോദര സ്ഥാപനങ്ങൾ എന്നിവക്ക് ലഭ്യമാണ്. ആഛആ പരിവാർ സേവിംഗ്സ് അക്കൗണ്ടും പരിവാർ കറന്റ് അക്കൗണ്ട് സെഗ്മെന്റുകളും ഡയമണ്ട്, ഗോൾഡ്, സിൽവർ എന്നീ മൂന്ന് വേരിയന്റുകളിൽ വരുന്നു.




# പീച്ചിയിൽ വൈദ്യുതി ഉത്പാദനം പുനരാരംഭിച്ചു

**പീച്ചി:** പീച്ചിയിലെ ചെറുകിട ജലവൈദ്യുത പദ്ധതിയിൽനിന്നുള്ള വൈദ്യുതി ഉത്പാദനം പുനരാരംഭിച്ചു. ഇന്നലെ രാവിലെ 6.30 ഓടെ വലതുകര കനാലിലൂടെ വെള്ളം തുറന്നുവിട്ടതിനെതുടർന്നാണ് ഉത്പാദനം ആരംഭിച്ചത്. കനാലിലൂടെ വെള്ളം തുറന്നുവിടുന്ന ദിവസങ്ങളിൽ ഒരു മെഗാവാട്ട് വൈദ്യുതി വീതം ഉത്പാദിപ്പിക്കാൻ കഴിയും. 1.25 മെഗാവാട്ട് ഉത്പാദനശേഷിയുള്ളതാണ് പദ്ധതി.



എന്നാൽ 2020 സെപ്റ്റംബറിൽ വലതുകര കനാലിലേക്കും വൈദ്യുതി ഉത്പാദനകേന്ദ്രത്തിലേക്കും വെള്ളം എത്തിക്കുന്ന പൈപ്പിൻറെ വാൽവ് തകർന്നതിനെതുടർന്ന് ഉത്പാദനം നിറുത്തിവയ്ക്കേണ്ടിവന്നു. തുടർന്ന് രണ്ടുവർഷത്തിനുശേഷം 50 ലക്ഷം രൂപ ചെലവിൽ കെഎസ്ഇബി പുതിയ വാൽവ് സ്ഥാപിച്ചതിനെ തുടർന്ന് ഉത്പാദനം വീണ്ടും തുടങ്ങി. മഴ ശക്തമായതിനെ തുടർന്ന് കനാലിലൂടെ വെള്ളം വിടുന്നതു നിർത്തിയപ്പോൾ ഉത്പാദനം നിർത്തി. പിന്നീട് ഡിസംബർ 26നാണ് വീണ്ടും തുടങ്ങിയത്. വലതുകര കനാലിലൂടെ വെള്ളം വിടുമ്പോഴും ഡാം നിറഞ്ഞ് ഷട്ടർ തുറക്കുമ്പോഴുമാണ് വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയുക.

സാധാരണഗതിയിൽ നവംബർ മുതൽ മേയ് മാസം വരെ വൈദ്യുതി ഉത്പാദനം സാധ്യമാകും. ജലലഭ്യതയനുസരിച്ച് പൂർണശേഷിയിൽ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് കേന്ദ്രം സജ്ജമാണെന്ന് അസി.എൻജിനീയർ വി.എ. ഷാഹിദ് പറഞ്ഞു. തൃശൂർ ജില്ലയുടെ മിക്ക പ്രദേശങ്ങളിലും ആവശ്യത്തിന് മഴ ലഭിക്കാത്തതിനെതുടർന്ന് കുടിവെള്ള ക്ഷാമം രൂക്ഷമായിരുന്നു. ചൂടു കൂടിയതോടെ കൃഷിയും പ്രതിസന്ധിയിലായി. ഇതേത്തുടർന്നാണ് കാർഷിക ആവശ്യത്തിനായി വെള്ളം തുറന്നുവിടാൻ നവംബർ 27ന് ചേർന്ന പ്രൊജക്ട് അഡ്വൈസറി കമ്മിറ്റി തീരുമാനിച്ചത്.

പീച്ചിയിൽനിന്ന് ആരംഭിച്ച് പട്ടിക്കാട് മാടക്കത്തറ വഴി മുളങ്കുന്നത്തുകാവ് വരെ 37.3 കിലോമീറ്റർ നീളമുള്ള വലതുകര കനാലുകളിലൂടെ വെള്ളമെത്തുമ്പോൾ ചെറുതും വലുതുമായ ആയിരത്തിലധികം നീർച്ചാലുകളും ആയിരക്കണക്കിന് ശുദ്ധജലക്കിണറുകളും നിരവധി കുടിവെള്ള പദ്ധതികളും കുളങ്ങളും റീചാർജ് ചെയ്യപ്പെടും.